# സെഷൻ 11
# കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ
# പ്രവർത്തന സഹായി

## പ്രവാസികളുടെ ക്വാറന്റയിനുമായി ബന്ധപ്പെട്ട കമ്മിറ്റികൾ-ചുമതലകളും ഉത്തരവാദിത്തങ്ങളും

തദ്ദേശ സ്വയംഭരണ വകുപ്പ്

KERALA INSTITUTE OF LOCAL ADMINISTRATION

08.05.2020

# പ്രവാസികൾ– മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കേരളീയർ തിരിച്ച് എത്തുമ്പോൾ....

**പ്രവാസികൾ–മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കേരളീയർ തിരിച്ച് എത്തുമ്പോൾ അവരെ ക്വാറന്റയിനിൽ പ്രവേശിപ്പിക്കേണ്ടതുണ്ട്.**
**രോഗ നിർവ്യാപന /പ്രതിരോധ പ്രവർത്തനങ്ങളിൽ ഇത് പ്രധാനമാണ്**

ഇതിനായി മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിക്കണം:

- **തദ്ദേശ സ്ഥാപന തല മോണിറ്ററിങ് കമ്മിറ്റികൾ**
- **വാർഡ്–തല മോണിറ്ററിങ് കമ്മിറ്റികൾ**

# തദ്ദേശ സ്ഥാപന തല മോണിറ്ററിങ് കമ്മിറ്റി – എന്തിനു വേണ്ടി?


വാർഡുതല മോണിറ്ററിങ് കമ്മിറ്റിയുടെ മേൽനോട്ടം

പ്രവാസി തിരിച്ചുവരവുമായി ബന്ധപ്പെട്ട ക്വാറന്റയിൻ പ്രവർത്തനങ്ങളുടെ മേൽനോട്ടം

# തദ്ദേശ സ്ഥാപന തല മോണിറ്ററിങ് കമ്മിറ്റി: അംഗങ്ങൾ

- **കമ്മിറ്റി ചെയർ പേഴ്സൺ – തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷ/ൻ**
- തദ്ദേശ സ്ഥാപന പ്രതിപക്ഷ ജനപ്രതിനിധി
- ആരോഗ്യ സ്റ്റാന്ഡിങ് കമ്മിറ്റി അധ്യക്ഷൻ
- MLA/MLAയുടെ പ്രതിനിധി
- പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ / അദ്ദേഹത്തിന്റെ പ്രതിനിധി
- വില്ലേജ് ഓഫീസർ
- തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറി
- സഹകരണ ബാങ്ക് പ്രസിഡന്റ്
- PHC മേധാവി
- സാമൂഹിക സന്നദ്ധ സേനയുടെ ഒരു പ്രതിനിധി
- കുടുംബശ്രീ പ്രതിനിധി
- ആശാ വർക്കർമാരുടെ പ്രതിനിധി
- പെൻഷനേഴ്സ് യൂണിയൻ പ്രതിനിധി

# കമ്മിറ്റി നിരന്തരമായി ബന്ധപ്പെടേണ്ടത് ആരെയൊക്കെ?



## ചുമതലകൾ ഉത്തരവാദിത്തങ്ങൾ: എന്തെല്ലാം ?

- ❖ കാറന്റയിൻ സെന്ററുകളുടെ നടത്തിപ്പ് – ആവശ്യമായ പിൻന്തുണയും നിർണയിക്കപ്പെട്ട ചുമതലകളുടെ നിർവഹണവും
- ❖ വിദേശത്ത് നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചുവരുന്നവരുടെ വിവരങ്ങൾ ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ടു ശേഖരിച്ച് വാർഡ് തല സമിതിയെ ഏല്പിക്കുക

### ഉറപ്പുവരുത്തേണ്ടവ –

- ❖ ഹോം ഐസോലേഷൻ വിവരങ്ങൾ രേഖപ്പെടുത്താനുള്ള പ്രത്യേക റെജിസ്റ്ററിന്റെ യഥാസമയ അപ്ഡേഷൻ
- ❖ ഇതിനെ സംബന്ധിച്ച വിവരങ്ങൾ /റിപ്പോർട്ട് ദിവസേന ആരോഗ്യ വകുപ്പിനും ജില്ലാ ഭരണക്കൂടത്തിനും കൈമാറൽ

# ചുമതലകൾ ഉത്തരവാദിത്തങ്ങൾ (തുടർച്ച ...)

- ❖ പ്രത്യേക പരിഗണന വേണ്ട ഹൈ റിസ്ക് വിഭാഗങ്ങളുടെയും (മുതിർന്ന പൗരന്മാർ, പാലിയേറ്റിവ് കെയർ ലഭിക്കുന്നവര്, വൃക്ക രോഗികൾ, ക്യാൻസർ രോഗികൾ) കുടുംബത്തിന്റെയും ബോധവത്കരണം ഉറപ്പാക്കുക
- ❖ കോവിഡ് പ്രതിരോധത്തിനായി സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്നുണ്ടെന്നു ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക
- ❖ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശങ്ങൾ പ്രാദേശികമായി നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തുക
- ❖ വാർഡ് തല കമ്മിറ്റിയുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം നടത്തുക

# വാർഡുതല മോണിറ്ററിങ് കമ്മിറ്റി – എന്തിനു വേണ്ടി?

പ്രവാസികൾ- മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കേരളീയരുടെ തിരിച്ചുവരവ് കണക്കിലെടുത്ത് കോവിഡ്-19 നിർവ്യാപനം/പ്രതിരോധം സംബന്ധിച്ച വാർഡ്-തലത്തിലെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി.

# വാർഡുതല മോണിറ്ററിങ് കമ്മറ്റി രൂപീകരണം – എപ്രകാരം?

സ.ഉ. (കൈ) നം.55/2020/ത.സ്വ.ഭ.വ തീയതി, 20/03/2020 പ്രകാരം സംസ്ഥാനത്ത് കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ രൂപീകരിച്ച

**കമ്മ്യൂണിറ്റി ഗ്രൂപ്പ് പുനർനാമകരണം ചെയ്ത്**

വാർഡ് മെമ്പറുടെ നേതൃത്വത്തിൽ

**വാർഡുതല മോണിറ്ററിങ് കമ്മിറ്റികളായി രൂപീകരിക്കേണ്ടതാണ്.**

# വാർഡുതല മോണിറ്ററിങ് കമ്മിറ്റി– അംഗങ്ങൾ

- റെസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ രണ്ടു പേർ. റെസിഡൻസ് അസോസിയേഷൻ ഇല്ലെങ്കിൽ പ്രദേശത്തെ നാട്ടുകാരുടെ രണ്ടു പ്രതിനിധികൾ
- ജനമൈത്രി പോലീസ് പ്രതിനിധി
- കുടുംബശ്രീ സംഘടനാ മെമ്പർ
- സന്നദ്ധ പ്രവർത്തകൻ/ പ്രവർത്തക
- അംഗണവാടി ടീച്ചർ/ വർക്കർ
- ആരോഗ്യ പ്രവർത്തകൻ/ പ്രവർത്തക
- എസ്.സി /എസ്.റ്റി പ്രൊമോട്ടർ
- ആശ വർക്കർ
- സ്ഥലത്തു താമസമുള്ള സന്നദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ

# വാർഡുതല മോണിറ്ററിങ് കമ്മിറ്റി– ചുമതലകളും ഉത്തരവാദിത്തങ്ങളും

- വിദേശത്തുനിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും തിരികെ എത്തുന്നവരുടെ ഹോം ഐസൊലേഷൻ ഉറപ്പു വരുത്തുക
- ഐസൊലേഷനിൽ ഉള്ളവരിൽ രോഗ ലക്ഷണം പ്രകടമാവുന്നവരുടെ വിവരം യഥാ സമയം ആരോഗ്യ വകുപ്പ് അധികൃതരെ അറിയിക്കുക
- മോണിറ്ററിങ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ഓരോ ആൾ വീതം ഇത്തരം വീടുകളിൽ ദിവസേന ഭവന സന്ദർശനം നടത്തേണ്ടതാണ് (ഇത്തരം ഭവന സന്ദർശനത്തിന് പോകുന്ന അംഗങ്ങൾക്ക് മാസ്കും ഗ്ലൗസും ഉൾപ്പെടെയുള്ള വ്യക്തിഗത പ്രതിരോധ ഉപകരണങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്).

# ചുമതലകളും ഉത്തരവാദിത്തങ്ങളും (തുടർച്ച ...)

- പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങളിലുള്ളവരുടെ (കിടപ്പ രോഗികൾ, മറ്റു രോഗങ്ങൾ ഉള്ളവർ, പ്രമേഹം ഉൾപ്പടെ ജീവിത ശൈലി രോഗമുള്ളവർ, വയോജനങ്ങൾ) വിവരങ്ങൾ ശേഖരിച്ച് ആഹാരം, മരുന്ന് ഉൾപ്പടെ ആവശ്യമായ സഹായങ്ങൾ നൽകണം.
- ഇവർക്കും കുടുംബാംഗങ്ങൾക്കും ബോധവൽക്കരണവും ആവശ്യമെങ്കിൽ കൗൺസിലിങ്ങും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ടെലിമെഡിസിൻ സംവിധാനത്തിൽ ബന്ധപ്പെടാവുന്ന ഡോക്ടറുമാരെ കുറിച്ചുള്ള പൂർണ വിവരം ഇത്തരം വീടുകളിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# മുൻ കരുതലെടുക്കാം, സജ്ജരാവാം

കൈ കഴുകൂ,

മാസ്ക് ധരിക്കൂ

ശാരീരിക അകലം പാലിക്കൂ

ഇപ്പല്ലേ തൊറ്റു പോകും!!





KILA Help Desk

0487-2455000
0487-2204097

helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in


## KERALA INSTITUTE OF LOCAL ADMINISTRATION

Website : www.kila.ac.in, Email : info@kila.ac.in